(സി) പ്രസ്തുത ഇക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) വകുപ്പിൽനിന്നും ഭവന നിർമ്മാണ ധനസഹായമായി നിലവിൽ ഒരാൾക്ക് 2 ലക്ഷം രൂപ അനുവദിക്കുന്നു. ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലെ പുരോഗതി വിലയിരുത്തി 4 ഗഡുക്കളായാണ് ധനസഹായം അനുവദിക്കുന്നത്.

(ബി) മുൻസർക്കാരിന്റെ കാലത്ത് നൽകിവന്നിരുന്ന ഭവന നിർമ്മാണ ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2006-07	- 70,000 രൂപ
2007-08	- 75,000 ,,
2008-09	- 1,00,000 ,,
2009-10	- 1,00,000 ,,

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭവന നിർമ്മാണത്തിനുള്ള ധനസഹായം 2 ലക്ഷം രൂപയിൽനിന്നും 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പുറമ്പോക്കുകളിൽ താമസിക്കുന്ന പട്ടികജാതിക്കാർക്ക് വീടുകൾ നൽകുന്നതിന് നടപടി

179 (8239) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പുറമ്പോക്കുകളിൽ കഴിഞ്ഞ അമ്പത് വർഷത്തിലധികമായി താമസിച്ചു വരുന്ന പട്ടികജാതി വിഭാഗക്കാരായ അപേക്ഷകർക്ക് കൈവശരേഖയുടെ അടിസ്ഥാനത്തിൽ വീടുകൾ അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇതിനായി നിയമ നിർമ്മാണമടക്കമുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly